വീടെന്ന ആശയത്തിലൂടെ നമുക്ക് സ്വകാര്യ ഇടം എന്ന ആശയത്തെ വിശദീകരിക്കാം. വീടെന്നത് ഭൗതികമായ ഒരു വസ്തുവാണ്. ആ നിലയ്ക്ക് കല്ലും മണ്ണും കമ്പിയും സിമന്റും ഒക്കെക്കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഒരു ഭൗതികവസ്തുവാണ് അല്ലെങ്കിൽ കെട്ടിടമാണ് വീടെന്നത്. ആ നിലയ്ക്ക് വീടെന്നത് കൈമാറ്റംചെയ്യാൻ കഴിയുന്ന ഒരു കമ്പോളവസ്തുവാണ്. വീട് എന്നത് കേവലമായ ഒരു ഭൗതികവസ്തുവല്ല. ഒരു കെട്ടിടത്തെ വീടാക്കി (Home) മാറ്റുന്നത് ആ വീടിനകത്ത് താമസിക്കുന്നവർ പരസ്പരവും അവർക്ക് പുറത്തുള്ള ആളുകളുമായുള്ള സാമൂഹ്യബന്ധങ്ങൾകൂടിയാണ്. ഭൗതികമായ ഒരു കെട്ടിടം എന്നതിനപ്പുറമുള്ള ഒരു അസ്തിത്വം വീടുകൾക്ക് ഉണ്ട്. പൂർണ്ണ ഉടമസ്ഥതാവകാശത്തോടെ വിൽക്കാനും വാങ്ങാനും വാടകയ്ക്കു കൊടുക്കാനും പൊളിച്ചുമാറ്റാനും ഒക്കെയുള്ള അവകാശങ്ങൾ ഒരാൾക്ക് തന്റെ വീടിന്റെമേൽ ഉണ്ടാകുമ്പോൾ ആണ് ആ വീടൊരു സ്വകാര്യസ്വത്ത് (Private Property) ആകുന്നത്. ആ സ്വകാര്യസ്വത്തിനകത്ത് ഒരാൾക്ക് സ്വതന്ത്രമായി, ആരുടേയും അന്യായമായ നിയന്ത്രണങ്ങൾ ഇല്ലാതെ ജീവിക്കാൻ കഴിയുമ്പോളാണ് ആ വീട്ടിൽ ഒരാൾക്ക് വ്യക്തിഗതമായ ഇടം ഉണ്ടെന്നു പറയാൻകഴിയുന്നത്. ഒരു വീടെന്ന സ്വകാര്യ ഇടത്തിൽ അതിലെ അംഗങ്ങൾക്ക് എത്രത്തോളം സ്വതന്ത്രവ്യക്തികൾ ആയി ജീവിക്കാൻ കഴിയുന്നു എന്നതാണ് വ്യക്തിഗത ഇടം എന്നതിന്റെ ഒരു തലം. നമ്മൾ ആരും വീടിനകത്ത് മാത്രമായല്ല ജീവിക്കുന്നത്. നമ്മൾ നിരന്തരം വീടിന് പുറത്തുള്ള ലോകവുമായും അതിലെ ആളുകളുമായും പലതരത്തിലുള്ള വിനിമയങ്ങളിൽ ഏർപ്പെടുന്നവർ ആണ്. നിലവിലുള്ള നിയമവ്യവസ്ഥയ്ക്കകത്ത് നിന്നുകൊണ്ട് ഒരാൾക്ക് അയാൾ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു ജീവിതം പൊതു ഇടങ്ങളിൽ എത്രത്തോളം നിർവഹിക്കാൻ കഴിയുന്നു എന്നൊരു തലം കൂടി വ്യക്തിഗത ഇടം (Personal Space) എന്ന സങ്കൽപ്പനത്തിൽ ഉണ്ട്. വ്യക്തിഗത ഇടം എന്നത് വീടിനകത്ത് മാത്രമായി പരിമിതപ്പെടുത്തിയ ഒന്നല്ല. അത് ഒരാളുടെ വീടിന്റെ നാലുചുവരുകൾക്കു വെളിയിലുള്ള ഇടങ്ങളിലേക്കുകൂടി വ്യാപിച്ചുകിടക്കുന്നു.

 ISSN: 2582 - 2594

സ്വകാര്യസ്വത്ത് എന്നത് സ്വകാര്യ ഇടമെന്ന ആശയത്തേക്കാൾ സങ്കുചിതമായ ഒന്നാണ് എന്ന് ഞങ്ങൾ കരുതുന്നു. ഒരു കുടുംബത്തെ (Home) ഉൾക്കൊള്ളുന്ന ഒരു കെട്ടിടം എന്ന നിലയിൽ, കേവലാർത്ഥത്തിൽ ഒരാൾക്ക് ഉടമസ്ഥതയുള്ള ഒരു കെട്ടിടം എന്ന നിലയിൽ, വീടൊരു സ്വകാര്യസ്വത്ത് ആയി നിൽക്കുമ്പോൾതന്നെ അതിനകത്ത് താമസിക്കുന്ന ആളുകൾക്കിടയിൽ അധികാരവും വിഭവങ്ങളും ഭൗതിക ഇടങ്ങളുടെ വിനിയോഗവും എങ്ങനെ വിതരണം ചെയ്യപ്പെടുന്നു എന്ന മുഖ്യമായ ഒരു സംഗതി കൂടി വീടെന്ന സങ്കൽപ്പനത്തിൽ ഉണ്ട്. സ്വകാര്യസ്വത്ത് എന്ന് മാത്രം പ്രയോഗിച്ചാൽ രണ്ടാമത് പറഞ്ഞ അർത്ഥതലം വെളിപ്പെടുകയില്ല. ഭൗതിക അവസ്ഥകൾക്ക് അപ്പുറം വീട് ഉൽപ്പാദിപ്പിക്കുന്ന വൈകാരികവും ആത്മീയവും സാമൂഹ്യവും സാംസ്കാരികവുമായ വിനിമയങ്ങളെ കൂടി പരിഗണിക്കുമ്പോൾ സ്വകാര്യസ്വത്തെന്ന പ്രയോഗത്തെക്കൾ അർത്ഥപൂർണ്ണം ആകുന്നത് സ്വകാര്യ ഇടം എന്ന് പ്രയോഗിക്കുമ്പോൾ ആണ് എന്ന് ഞങ്ങൾ കരുതുന്നു. ഈ അർത്ഥത്തിൽ ആണ് വീട് എന്നത് അതിന്റെ ഭൗതിക അസ്തിത്വത്തെ അതിലംഘിച്ചുകൊണ്ട് അതിനകത്ത് താമസിക്കുന്നവരുടെ സാമൂഹ്യ അസ്തിത്വത്തെത്തന്നെ നിർണ്ണയിക്കുന്ന ഒരിടമായി മാറുന്നത്. ഈ വിശാലമായ അർത്ഥതലത്തിലാണ് വീടൊരു സ്വകാര്യസ്വത്ത് എന്നതിനപ്പുറം സ്വകാര്യ ഇടം ആയി മാറുന്നത്. രാജ്യത്തെ പൊതുവായ നിയമവ്യവസ്ഥയ്ക്കുള്ളിൽ വിവേചനങ്ങൾ കൂടാതെ ഒരാൾക്കു ജീവിക്കാൻ കഴിയുകയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവും ആത്മീയവുമായ അവസരങ്ങൾ ഉപയോഗിക്കാൻ ഒരാൾക്ക് കഴിയുമ്പോൾ ആണ് അയാൾക്ക് വ്യക്തിഗത ഇടം ഉണ്ടെന്ന് നമുക്ക് പറയാൻ കഴിയുക. സ്വകാര്യ ഇടം എന്നത് വ്യക്തിഗത ഇടം വികസിക്കാൻ അത്യന്താപേക്ഷിതം ആയ കാര്യമാണ്. ഒരു കമ്പോളവ്യവസ്ഥയിൽ സ്വകാര്യ ഇടം കുറയുന്തോറും വ്യക്തിഗത ഇടവും ചുരുങ്ങിവരും. ഇനി നമുക്ക് ദലിത് ആത്മകഥകളിൽ എങ്ങനെയാണ് സ്വകാര്യ ഇടവും വ്യക്തിഗത ഇടവും രേഖപ്പെടുത്തിയിട്ടുള്ളത് എന്നുനോക്കാം.

**സ്വകാര്യ ഇടവും വ്യക്തിഗത ഇടവും ദലിത് ആത്മകഥകളിൽ**

സുശീലാ ടാക്ഭൗരെയുടെ "ശികഞ്ജ്"യെന്ന ആത്മകഥയുടെ തുടക്കത്തിൽതന്നെ താൻ കുട്ടിക്കാലത്ത് താമസിച്ച ഇടത്തെ അവർ രേഖപ്പെടുത്തുന്നുണ്ട്. "ബനാപുര റെയിൽവേ സ്റ്റേഷന്റെ ഒരു വശത്ത് സമ്പന്നഹിന്ദുക്കളും മറുവശത്ത് പിന്നാക്കജാതിക്കാരായ റെയിൽവേതൊഴിലാളികളും താമസിച്ചു. അയിത്തക്കാരും തോട്ടിപ്പണിക്കാരുമായ ദലിതരുടെ വീടുകൾ ഹിന്ദു മഹാജന്മാരുടെ വീടുകളിൽനിന്നും ദൂരെയായിരുന്നു. ഓടുമേഞ്ഞ ദലിത് വീടുകൾ ഗ്രാമത്തിനു പുറത്തായിരുന്നു". അവർ തുടരുന്നു "ക്ലാസ്സിൽ ബ്രാഹ്മണരുടെയും വണികരുടെയും കുട്ടികളെ മുന്നിലിരുത്തും. പിന്നാക്ക ജാതിക്കാരെ അവർക്ക് പുറകിലിരുത്തും. തൊട്ടുകൂടാത്തവരെ ഏറ്റവും പുറകിലും. ക്ലാസ്സിലെ തരംതിരിവിൽ ഞങ്ങളുടെ ജാതിയും നിറവുമെല്ലാം തിരിച്ചറിയാം". ഓംപ്രകാശ് വാല്മീകി അദ്ധേഹത്തിന്റെ ജ്ഠൂൻ എന്ന ആത്മകഥയുടെ ആദ്യ ഖണ്ഡികയിൽ തന്നെ തന്റെ വീടിനെ ഇങ്ങനെ അടയാളപ്പെടുത്തുന്നു. "ചന്ദ്രബാൻ ടാഗയുടെ പശുത്തൊഴുത്തിനു ചാരിയായിരുന്നു ഞങ്ങളുടെ വീട്. അതിനടുത്തായി നെയ്ത്തുകാരായ മുസ്ലീമുകളുടെ കുടുംബങ്ങളും താമസിച്ചുവന്നു. ചന്ദ്രബാൻ ടാഗയുടെ തൊഴുത്തിന് മുൻപിലായി ഒരു ചെറിയ കുളം ഉണ്ടായിരുന്നു. ദലിതരായ ചുഹ്റകളുടെ പാർപ്പിടവും ഹിന്ദു ഗ്രാമങ്ങളെയും തമ്മിൽ വേർതിരിച്ചു നിർത്തിയത് ഈ കുളമാണ്...............അസ്പൃശ്യത വ്യാപകമായിരുന്നു. പൂച്ചകളെയും പട്ടികളെയും

എരുമകളെയും തൊടുന്നതിന് കുഴപ്പമില്ല. എന്നാൽ ഒരു ചൂഹ്റയെ സ്പർശിക്കനിടയായാൽ അശുദ്ധമായിപ്പോയി. ചൂഹ്റകളെ മനുഷ്യർ ആയല്ല കണ്ടിരുന്നത്. അവർ ഉപയോഗിക്കാനുള്ള വസ്തുക്കൾ മാത്രമായിരുന്നു. അവരുടെ പ്രയോജനം ജോലി തീരുംവരെ മാത്രം. അവരെ ഉപയോഗിക്കുക, ശേഷം എറിഞ്ഞുകളയുക". ഹിന്ദു ഗ്രാമങ്ങൾക്ക് വെളിയിലുള്ള "മഹർവാഡയെ" പറ്റി ശരൺകുമാർ ലിംബാലെയും അക്കർമാശി എന്ന ആത്മകഥയിൽ പറയുന്നുണ്ട്. "ചവറു കൂനകളും തകരപ്പാളികൾകൊണ്ട് മേഞ്ഞ കുടിലുകളും തെണ്ടിപ്പട്ടികളും പന്നികളുമെല്ലാമായിരുന്ന ഞങ്ങളുടെ സന്തത സഹചാരികൾ. ഞങ്ങൾ ജഗന്നാഥ ചൌധരിയുടെ ചവറുകൂനകളിലാണ് ഏറെ നേരവും ചിലവഴിച്ചത്". മൂരിയിറച്ചി തിന്നുന്ന നായിന്റെ മോൻ എന്നാണ് ഗ്രാമവാസികൾ മഹർവാഡയിലെ ആളുകളെ വിശേഷിപ്പിച്ചിരുന്നത്. തന്തയില്ലാത്തവൻ എന്ന് സ്വന്തക്കാരും നാട്ടുകാരും ലിംബാലെയെ വിളിക്കുമ്പോൾ അദ്ദേഹം വീടില്ലാത്തവൻ മാത്രമല്ല ആകുന്നത് സ്വന്തം ശരീരത്തിന് തന്നെ അസ്തിത്വം ഇല്ലാത്ത നിലയിലേക്കാണ് മാറുന്നത്.

സുശീലാ ടാക്ഭൗരെയും ഓംപ്രകാശും ലിംബാലെയും ജീവിതം തുടങ്ങിയത് ക്ലാസ്സിക് ജാതിവ്യവസ്ഥ അതിന്റെ ഏറ്റവും വന്യമായ സ്വഭാവം പുലർത്തിയ ഗ്രാമങ്ങളിൽ ആയിരുന്നു. എന്നാൽ കുഞ്ഞാമൻ ജനിച്ചുവീണത് നവോത്ഥാനം ഉഴുതുമറിച്ച മണ്ണിലേക്ക് ആയിരുന്നു. 'എതിരി'ൽ അദ്ദേഹം എഴുതുന്നു. "നാലുകെട്ടും പത്തായപ്പുരയും അനവധി ജോലിക്കാരുമൊക്കെയുള്ള വലിയ ജന്മിയായിരുന്നു ഞങ്ങളുടേത്. അച്ഛനും ജന്മിയുമായുള്ള ബന്ധം കുട്ടിക്കാലത്ത് ഞാൻ കണ്ടിട്ടുണ്ട്. അച്ഛന്റെ അടുത്തൊന്നും ജന്മി വരില്ല. ഞങ്ങളുടെ കാഴ്ച്ചയിൽപോലും പെടാത്ത വിധം ഏറെ ദൂരെയായിരുന്നു അവരെല്ലാം. വൈക്കോൽ ചാളകളിൽ ഞങ്ങൾ അസ്പൃശ്യരും ഏറെക്കുറെ അദൃശ്യരായും കഴിഞ്ഞു. ഞാൻ എന്നല്ല അടിയൻ എന്നാണ് പറയുക. ശരീരത്തിന് നിവർന്നു നില്ക്കാൻ കഴിയുന്ന സമയം ഏറെ തുച്ഛമായിരുന്നു. പാടത്തും ചാളയിലും അത് വിധേയത്വത്തോടെ അടങ്ങിയൊതുങ്ങികഴിഞ്ഞു." പാടത്തും ചാളയിലും "ഞങ്ങൾ" അടങ്ങിയൊതുങ്ങികഴിഞ്ഞു എന്നല്ല കുഞ്ഞാമൻ എഴുതിയത്. ഞങ്ങൾ എന്നതിന് പകരം "അത്" എന്ന പദത്തിലൂടെയാണ് അസ്പൃശ്യ മനുഷ്യരെ അദ്ദേഹം ചിത്രീകരിച്ചത്. ജൂഠനിൽ ദലിത് മനുഷ്യരെ സവർണ്ണർ വസ്തുക്കൾ ആയി കാണുന്നു എന്ന് പറഞ്ഞ ഓംപ്രകാശ് വാല്മീകിയോട് ചേർന്ന് നിൽക്കുകയാണ് "അത്" എന്ന പ്രയോഗത്തിലൂടെ കുഞ്ഞാമനും ചെയ്യുന്നത്. ദാരിദ്ര്യം, ഭയം, അപകർഷതാബോധം ആത്മവിശ്വാസമില്ലായ്മ, ധൈര്യമില്ലായ്മ ഒക്കെയാണ് തന്റെ സമൂഹം അദ്ദേഹത്തിന് കൊടുത്തത് എന്നെഴുതുമ്പോൾ അദ്ദേഹവും വടക്കേഇന്ത്യൻ ജാതിഗ്രാമങ്ങൾക്കിടയിലും സാംസ്കാരികമായി വിടവില്ല എന്ന് കാണാം. കോളേജിൽ എത്തുമ്പോൾ എന്റെ കൈവശം ഒറ്റപ്പാലം തഹസീൽദാർ തന്നെ ജാതിസർട്ടിഫിക്കറ്റ് മാത്രമാണുണ്ടായിരുന്നത് എന്നത് ഉപജീവനകൂലിക്കും താഴെമാത്രം പറ്റിക്കൊണ്ട് ജീവിക്കേണ്ടിവന്ന ഒരു സമൂഹത്തെ, ഹിന്ദുഗ്രാമങ്ങൾക്ക് വെളിയിൽ ജീവിക്കേണ്ടിവന്ന സമൂഹത്തെ തന്നെയാണ് കുഞാമനും വരച്ചുവയ്ക്കുന്നത്. ഭൂപരിഷ്കരണശേഷം കേരളത്തിലെ പട്ടികജാതികളെ 26198[9] ജാതികോളനികളിലായി പുനർവിന്യസിച്ചപ്പോൾ കേരളവും ജാതിയും പാർപ്പിടവും തമ്മിലുള്ള പൊക്കിൾക്കൊടിബന്ധം മുറിക്കാതെ മുന്നോട്ടുപോകുകയായിരുന്നു.

ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ[10] ആത്മകഥയുടെ തുടക്കത്തിൽതന്നെ അദ്ദേഹത്തിന്റെ വീടിനകത്ത് സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ ഉണ്ട്. നാലുകെട്ടിനകത്ത്

 ISSN: 2582 - 2594

ശ്രീകോവിലകം എന്നൊരു പ്രത്യേകപൂജാമുറിയുണ്ട്. ശ്രീകോവിലകത്ത് പൂജചെയ്യാൻമാത്രം പൂജാരിമാരെ നിയമിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് മാത്രമായും മറ്റൊരു ശ്രീകോവിലകം വീടിനകത്ത് ഉള്ളതായി അദ്ദേഹം പറയുന്നു. നാലുകെട്ടിനു പുറത്തുള്ള പൂമുഖത്തും ഒരു ഭഗവതിപ്രതിഷ്ഠ ഉള്ളതായി അദ്ദേഹം എഴുതുന്നു. മറ്റൊരു ഭഗവതിയെ നാലുകെട്ടിന് വെളിയിൽ ഒരു ഇരുനില കെട്ടിടത്തിൽ ആണ് കുടിവെച്ചിട്ടുള്ളത്. അസ്പൃശ്യമനുഷ്യർ അവരും അവരുടെ കുടുംബത്തിൽ ഉള്ളവരും അവരുടെ പന്നി, പട്ടി തുടങ്ങിയ മൃഗങ്ങളുമായി ഒറ്റമുറിവീടുകളിൽ കഴിയുന്ന കഥ ദലിത് ആത്മകഥകൾ പറയുമ്പോൾ മിക്ക സവർണ്ണവീടുകളിലും ധാരാളം ഭൂമിയും വലിയ വീടും ഉണ്ടായിരുന്നു എന്നാണ് അവരുടെ ആത്മകഥകളിൽ നമുക്ക് കാണാൻ കഴിയുന്നത്. പറയാൻ ശ്രമിക്കുന്നത് ദലിത് വീടുകളുടെ ഉള്ളിലുള്ള പരിമിതമായ സ്വകാര്യ ഇടമെന്നത് ചരിത്രപരവും ഘടനാപരവുമായ സാമ്പത്തിക അസമത്വത്തിന്റെ പ്രതിഫലനം ആണെന്നാണ്.

ദാഹിച്ചു വലഞ്ഞപ്പോൾ ആരും കാണാതെ താനും കൂട്ടുകാരും ഗ്രാമത്തിലെ കിണറ്റിൽ ഇറങ്ങി വെള്ളം കുടിച്ച കാര്യം ലിംബാലെ ആത്മകഥയിൽ ഒരിടത്ത് എഴുതുന്നുണ്ട്. “വെള്ളം പോലും സവർണ്ണഹിന്ദുക്കളുടെ അധീനതയിൽ ആയിരുന്നു. കിണറ്റിലിറങ്ങി കൈക്കുമ്പിളിൽ ഞാൻ വെള്ളമെടുത്തപ്പോൾ കിണറ്റിൽ വലയങ്ങൾ ഉണ്ടായി. ഭാഗ്യത്തിന് ഞങ്ങൾ വെള്ളം കുടിച്ചത് ആരും കണ്ടില്ല. കണ്ടിരുന്നുവെങ്കിൽ ഞങ്ങൾക്ക് നല്ല തല്ല് കിട്ടുമായിരുന്നു. വെള്ളവും ആഹാരവും വീടും വസ്ത്രങ്ങളും ശ്മശാനങ്ങളും ചായക്കടകളും ദൈവവും മതവും മനുഷ്യർ പോലും ഞങ്ങൾ തൊടുമ്പോൾ അശുദ്ധമാകാൻ തക്കവണ്ണം എന്ത് പ്രത്യേകതയാണോ ആവോ ഞങ്ങളുടെ സ്പർശത്തിനുള്ളത്”. ഗ്രാമത്തിനു വെളിയിൽ ജീവിക്കുന്നു എന്നതിനേക്കാൾ മുഖ്യമായത് ദലിത് വീടുകൾ നിലനിന്ന സ്ഥലങ്ങൾ വിഭവരഹിത ഇടങ്ങൾ ആയിരുന്നു എന്നതാണ്. സ്വത്തുക്കളോ സമ്പാദ്യമോ ഉണ്ടാക്കാൻ ഒരിക്കലും കഴിയാത്ത തരത്തിലായിരുന്നു ഹിന്ദു ഗ്രാമങ്ങൾ ദലിത്ഗ്രാമങ്ങളെ നിലനിർത്തിയിരുന്നത്. ഹിന്ദുഗ്രാമങ്ങൾക്ക് വിധേയർ ആയി ജീവിക്കുക എന്നത് ദലിത്ജനതകൾക്ക് അതിജീവനത്തിന് ആവശ്യമായിരുന്നു. വിഭവരഹിതരായി ജീവിക്കുക എന്നതിനർത്ഥം ഒന്നേയുള്ളൂ. സ്വന്തം അധ്വാനം മാത്രമേ അവർക്ക് ജീവിതത്തിൽ മുന്നോട്ടുപോകാൻ ഉണ്ടാവൂ എന്നാണത്. വിഭവരഹിതർ ആയ ആളുകൾക്ക് വലിയതോതിൽ സമ്പാദ്യം ഉണ്ടാക്കുക അസാധ്യം അല്ലെങ്കിൽപ്പോലും അതിന് പരിമിതികൾ ഉണ്ട്. സമ്പാദ്യംകൊണ്ട് നേടാൻ കഴിയുന്ന വായ്പ്പകൾ ദലിത്ജനതയുടെ കാര്യത്തിൽ ഏതാണ്ട് അസാധ്യം തന്നെയാണ് എന്നുസൂചിപ്പിക്കുന്ന നിരവധി സംഭവങ്ങൾ ദലിത് ആത്മകഥകളിൽ കാണാവുന്നതാണ്. പൊതുമേഖലാബാങ്കുകളുടെ വായ്പകളിലേക്ക് എത്താൻ ദലിത്ജനതയ്ക്ക് തടസ്സമായി നിൽക്കുന്നത് അവരുടെ കയ്യിൽ ജാമ്യംകൊടുക്കാൻ യോഗ്യമായ ഭൂമിയോ മറ്റിതര സ്വത്തുക്കളോ ഇല്ലെന്നതാണ്. ആവശ്യങ്ങൾക്ക് അവർക്ക് പലപ്പോഴും സ്വകാര്യപണമിടപാടുകാരെ സമീപിക്കേണ്ടി വരും. ഓംപ്രകാശ് വാൽമീകി എഴുതുന്നു “ഭാംഗി ബസ്തിയിലെ മുഴുവൻ ആളുകളും ഉയർന്ന പലിശയ്ക്ക് തേജാ ടാഗയിൽ നിന്നും പണം കടം വാങ്ങിയവർ ആണ്. ഒരായുഷ്കാലം മുഴുവൻ പലിശയടച്ചാലും മുതലിൽ ഒരു പൈസ പോലും കുറയില്ലായിരുന്നു. ഭാംഗി ബസ്തിയിലെ മുഴുവൻ ആളുകളും കടത്തിൽ മുങ്ങിക്കൊണ്ടിരുന്നു. അതിനാൽ തങ്ങൾക്കെതിരെയുള്ള അനീതികൾക്കെതിരെ വളരെയൊന്നും പ്രതിഷേധിക്കാൻ അവർക്കായില്ല. അവരെ സംബന്ധിച്ച് അന്തസ്സിനും അഭിമാനത്തിനും ഒരർത്ഥവുമുണ്ടായി

രുന്നില്ല. ഉയർന്നവരാൽ ഭീഷണിപ്പെടുത്തപ്പെടുന്നതും നിയന്ത്രിക്കപ്പെടുന്നതും ബസ്തിയിലെ ജീവിതത്തിൽ നിത്യസംഭവങ്ങൾ ആയിരുന്നു". സ്വകാര്യ ഇടത്തിന്റെ ഗുണനിലവാരമില്ലായ്മ എങ്ങനെയാണ് ആളുകളുടെ വ്യക്തിഗത ഇടങ്ങളെ ഇല്ലാതാക്കുന്നത് എന്നാണ് ഓംപ്രകാശ് സൂചിപ്പിക്കുന്നത്.

ഉപജീവനകൂലിക്കുംതാഴെമാത്രം പ്രതിഫലം ലഭിക്കുന്ന ഏതൊരു വ്യക്തിയേയും അടിമയാക്കാം എന്നത് ചരിത്രത്തിൽ ഉടനീളം വെളിപ്പെട്ടിട്ടുള്ള കാര്യമാണ്. ജീവൻ നിലനിൽക്കാൻ മാത്രമുള്ള നെല്ല് കൊടുത്തുകൊണ്ട് നൂറ്റാണ്ടുകൾ അവർണ്ണജാതികളെകൊണ്ട് കേരളത്തിലെ ഫ്യൂഡൽജന്മികൾ തടിച്ചുകൊഴുത്തത് ഓർക്കുമല്ലോ. നെൽപാടങ്ങൾക്ക് അപ്പുറം മറ്റൊരു ജോലിസാധ്യതയില്ലാതിരുന്ന കാലത്ത് ബ്രിട്ടീഷുകാർ കിഴക്കൻ മലയോരപ്രദേശങ്ങളിൽ തോട്ടങ്ങൾ തുടങ്ങിയതും സമാന്തരമായി ഉണ്ടായ കീഴാളസമൂഹങ്ങളുടെ ക്രിസ്തുമതസ്വീകരണവും ഓർക്കുമല്ലോ. പുലയർ ദൈവംകൽപ്പിച്ച കൃഷിപ്പണി ചെയ്ത് തൃപ്തരായി കഴിയണമെന്നും ഗുമസ്തപ്പണിക്കും മറ്റ് ഉദ്യോഗങ്ങൾക്കും ശ്രമിക്കരുത് എന്നും പുലയരുടെ ഒരു യോഗത്തിൽ അധ്യക്ഷം വഹിച്ചുകൊണ്ട് കൊച്ചി ആക്ടിംഗ് ദിവാൻ കസ്തൂരി രംഗയ്യർ പ്രസംഗിച്ചത് ചെറായി രാമദാസ്[11] ദാക്ഷായണി വേലായുധനെ പറ്റിയുള്ള അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അതേ പുസ്തകത്തിൽതന്നെ പഠനം പൂർത്തിയാക്കി അധ്യാപികയായി മാറിയ ദാക്ഷായണി ജോലി സംബന്ധമായി ചെന്ന സ്ഥലത്ത് പുലയി ആയതിനാൽ കിണറ്റിൽനിന്നും വെള്ളംകോരാൻ കഴിയാത്ത ദുരിതം മറികടന്നത് ക്രിസ്തുമതം സ്വീകരിച്ച സ്വന്തം അമ്മയെക്കൊണ്ട് വെള്ളം കോരിച്ചാണ്. ക്രിസ്തുമതം സ്വീകരിച്ചാൽ പിന്നെ അവർക്ക് അയിത്തം ഉണ്ടായിരുന്നില്ല. ഇതേ പുസ്തകത്തിൽ മറ്റൊരിടത്ത് ജോലിസ്ഥലത്തേക്ക് പോകുന്നതിനായി പാടവരമ്പത്തുകൂടി നടന്ന ദാക്ഷായണിയോട് എതിരെ വന്ന നായർസ്ത്രീ വഴിമാറാൻ പറഞ്ഞപ്പോൾ അവർ അതിന് തയ്യാറാകാതെ വന്നപ്പോൾ ഒടുവിൽ നായർസ്ത്രീ വരമ്പിൽനിന്നിറങ്ങി ചെളിയിലേക്കുനിന്ന് തന്റെ ശുദ്ധി സംരക്ഷിക്കുകയാണ് ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുനിരത്തുകൾ എല്ലാവർക്കും അവകാശപ്പെട്ടതാണ് എന്ന് വില്ലുവണ്ടി സമരത്തിലൂടെ പ്രഖ്യാപിച്ച അയ്യങ്കാളിയുടെ രാഷ്ട്രീയനിലപാടിനെ സ്വജീവിതത്തിൽ പ്രയോഗിക്കുകയായിരുന്നു ദാക്ഷായണി വേലായുധൻ എന്ന് കാണാം. അതിനവരെ പ്രാപ്തരാക്കിയത് വിദ്യാഭ്യാസവും സാമ്പത്തികസുരക്ഷയും രാഷ്ട്രീയബോധവും ആയിരുന്നു. വ്യക്തിഗത ഇടം നേടിയെടുക്കുന്നതിൽ വിദ്യാഭ്യാസത്തിനും തൊഴിലിനും സാമ്പത്തികസുരക്ഷയ്ക്കും ഉള്ള പ്രാധാന്യം എല്ലാ ദലിത് ആത്മകഥകളും എടുത്ത് പറയുന്നുണ്ട്. പഞ്ചമിയുടെ കൈപിടിച്ചുകൊണ്ട് ഊരുട്ടമ്പലം സ്കൂളിലേക്ക് തലയുയർത്തി കടന്നുചെന്ന അയ്യങ്കാളിയെയും നിങ്ങൾ പഠിക്കാൻ പോകരുതെന്ന പറഞ്ഞ ദിവാന്മാരെയും മറ്റുരൂപത്തിൽ മിക്ക ദലിത് ആത്മകഥകളിലും കാണാവുന്നതാണ്.

ഓം പ്രകാശ് വാല്മീകി സ്കൂളിൽ പഠിക്കുന്ന സമയത്ത് ദിവസവും സ്കൂൾമുറ്റവും മൈതാനവും അദ്ദേഹത്തെക്കൊണ്ട് ഹെഡ്മാസ്റ്റർ ത്തുവാരിപ്പിച്ചപ്പോൾ ഓംപ്രകാശിന്റെ അച്ഛൻ സ്കൂളിൽവന്ന് "ദ്രോണാചാര്യരുടെ ഏത് സന്തതിയാണ് എന്റെ മോനെ കൊണ്ട് തുത്ത് വാരിപ്പിക്കുന്നത്" എന്ന് ചോദിക്കുമ്പോൾ "മേലിൽ മകനെ സ്കൂളിലേക്ക് വിടരുത് " എന്ന് പ്രധാനാദ്ധ്യാപകൻ മറുപടി പറയുമ്പോൾ "നിങ്ങൾ ഒരധ്യാപകൻ ആയതുകൊണ്ട് ഞാനിപ്പോൾ പോകുന്നു. ഈ ചുഹ്റ പയ്യൻ ഇവിടെത്തന്നെ ഈ സ്കൂളിൽതന്നെ പഠിക്കും. മാത്രവുമല്ല ഇവനെത്തുടന്ന് വേറെയും


ISSN: 2582 - 2594

ചുഹ്റ പിള്ളേർ ഇവിടെ പഠിക്കാൻ വരും" എന്ന് പറഞ്ഞ് ഓംപ്രകാശിനെയും കൂട്ടി സ്കൂളിനു പുറത്തോട്ടുപോകുന്നത് യഥാർത്ഥത്തിൽ സ്കൂളിന് അകത്തോട്ട് കയറിയ അയ്യങ്കാളിയെ ആണ് ഓർമ്മപ്പെടുത്തുന്നത്. ഓംപ്രകാശിനുവേണ്ടി അച്ഛനാണ് സംസാരിക്കുന്നതെങ്കിൽ കുഞ്ഞാമനുവേണ്ടി കുഞ്ഞാമൻതന്നെ സംസാരിക്കുന്ന ഒരു രംഗം എതിരിൽ അദ്ദേഹം വരച്ചിടുന്നുണ്ട്. ഗൈഡായ കെ.എൻ. രാജിന് മുൻപിൽ തന്റെ ഡോക്ടറൽ തീസിസ് സമർപ്പിച്ച സമയത്ത് "നിങ്ങൾ അധികാരഘടനയെ ആണ് വെല്ലുവിളിക്കുന്നത്. നിങ്ങൾക്ക് എന്ത് ചെയ്യാൻ പറ്റും" എന്ന് രാജ് കുഞ്ഞാമനോട് ചോദിക്കുമ്പോൾ അദ്ദേഹം പറയുന്നത് "ഇങ്ങനെ ഉയരത്തിൽ നിന്നും സംസാരിക്കരുത്. നിങ്ങൾ പ്രായോഗികമായി വലിയ ആളുകൾ ആണ്. എന്നാൽ ഭരണഘടനാപരമായി നിയമവിധേയർ ആണ്. ഞങ്ങൾക്ക് വ്യവസ്ഥിതിയോട് എതിർപ്പുണ്ട്. അത് അവസരം കിട്ടുമ്പോൾ പ്രകടിപ്പിക്കും. ഭവിഷ്യത്ത് ഓർത്ത് പ്രകടിപ്പിക്കാതിരിക്കില്ല. താങ്കൾ ബ്രിട്ടീഷ് ഭരണകാലത്തെ  ജഡ്ജിയുടെ മകനാണ്. താങ്കൾ ഇങ്ങനെ ഉയർന്നുവന്നത് അനുകൂല സാഹചര്യങ്ങളിൽ നിന്നാണ്. ഞാനൊക്കെ ഭക്ഷണം കഴിക്കാതെ ഇരന്നിരന്ന് നിങ്ങളെപ്പോലുള്ളവരുടെ അടികൊണ്ട് വന്നവരാണ്. അതുകൊണ്ട് തന്നെ എനിക്ക് നിങ്ങളെപ്പോലുള്ളവരോട് എതിർപ്പുണ്ട്. എനിക്ക് ആ എതിർപ്പ് പ്രകടിപ്പിച്ചേ കഴിയൂ. അതെന്റെ ധാർമ്മികവും സാമൂഹികവുമായ ഉത്തരവാദിത്തമാണ്. താങ്കൾക്ക് അത് ഇഷ്ടമല്ലെങ്കിൽ ഓകെ എന്ന് പറയാനെ കഴിയൂ. താങ്കൾ എന്റെ സ്ഥാനത്ത് ആയിരുന്നുവെങ്കിൽ സ്കൂൾ ഫൈനൽ പരീക്ഷ പാസാകില്ലായിരുന്നു. ഞാൻ താങ്കളുടെ സ്ഥാനത്ത് ആയിരുന്നുവെങ്കിൽ ഒരു നോബൽ സമ്മാനജേതാവ് ആകുമായിരുന്നു. ഈ വ്യത്യാസം നമ്മൾ തമ്മിലുണ്ട്" എന്നാണ്.

കേരളത്തിലെ പട്ടികജാതിമനുഷ്യരിൽ മഹാഭൂരിപക്ഷവും കോളനികളിലെ മൂന്നുസെന്റുകളിൽ കുടിവയ്ക്കപ്പെട്ടുവെങ്കിലും കേരളാമോഡൽ വിദ്യാഭ്യാസത്തിലൂടെയും പൊതുആരോഗ്യ സംവിധാനങ്ങളുടെ തണലിലും സംവരണത്തിന്റെ പിൻബലത്തിലും സാമൂഹ്യമായി അവരിൽ കുറേ ആളുകൾ മുന്നോട്ടുപോയി. അവർക്ക് മെച്ചപ്പെട്ട വീടുകളും അവരുടെ കുട്ടികൾക്ക് നല്ല ഭക്ഷണവും വിദ്യാഭ്യാസവും ലഭിച്ചു. സംവരണം എങ്ങനെയാണ് പട്ടികജാതിമനുഷ്യരുടെ സ്വകാര്യ ഇടങ്ങളെയും വ്യക്തിഗത ഇടങ്ങളെയും വികസിപ്പിച്ചത് എന്നതിന് കേരളം ഇന്ത്യക്കൊരു മാതൃകയാണ്. ജസ്റ്റീസ് കെ ചന്ദ്രുവിന്റെ[12] ആത്മകഥയിൽ ഒരിടത്ത് അദ്ദേഹം പറയുന്നുണ്ട് "മൃഗങ്ങളിൽ നിന്നും പരിണമിച്ച മനുഷ്യനെ വീണ്ടും മൃഗമാക്കുന്ന ഉപകരണമാണ് കൈവിലങ്ങ്" എന്ന്. കൈവിലങ്ങിന്റെ സ്ഥാനത്ത് ജാതിവ്യവസ്ഥ എന്നെഴുതിയാൽ അത് കൂടുതൽ അർത്ഥപൂർണ്ണം ആകുമെന്ന് തോന്നുന്നു. ജാതിവ്യവസ്ഥ ചരിത്രപരമായി ഉണ്ടാക്കിയ വിഭവദാരിദ്ര്യത്തെയും സാമൂഹ്യപിന്നാക്കാവസ്ഥയെയും മറികടക്കാൻ കോളനികളിലെ മനുഷ്യർക്കു കഴിയാത്തത് അവർ അധ്വാനശീലർ അല്ലാത്തതുകൊണ്ടല്ല മറിച്ച് ഘടനാപരമായ അസമത്വം (Structural Inequality) ഇന്നും കോളനികളിൽ തുടരുന്നു എന്നതിനാൽ ആണ്. ഘടനാപരമായ അസമത്വത്തെ അഭിസംബോധനചെയ്യാൻ കേരളാമോഡൽ വികസനം അപര്യാപ്തമാണ് എന്ന് കഴിഞ്ഞ 75 വർഷമായി സാമ്പത്തികമായി നിശ്ചലമായി കിടക്കുന്ന കോളനികൾ വ്യക്തമാക്കുന്നു. കോളനിക്കകത്തെ പൊതു ഇടങ്ങൾ വികസിപ്പിക്കുമ്പോഴും സ്വകാര്യ ഇടങ്ങൾ വികസിക്കാതെ നിൽക്കുന്നതുകൊണ്ട്, വരുമാനം ഉണ്ടെങ്കിലും സമ്പാദ്യമോ സ്വത്തുക്കളോ ഉണ്ടാക്കാൻ കഴിയാതെ ദാരിദ്ര്യത്തിന്റെ വിഷമവൃത്തത്തിൽ (Vicious Circle of

Poverty) കിടക്കുകയാണ് കേരളത്തിലെ ജാതികോളനികൾ. കേരളാമോഡൽ വികസനത്തിലൂടെ കേരളം നാൾക്കുനാൾ വളർന്നപ്പോൾ ജാതികോളനികൾ വളർച്ച മുരടിച്ച സാമ്പത്തിക ബോൺസായ്കൾ ആയി മാറി.

വ്യക്തിഗത ഇടങ്ങളുടെ വികാസത്തിനകത്തെ ഒരു സാംസ്കാരികപ്രശ്നത്തെപ്പറ്റി തന്റെ ആത്മകഥയുടെ അവസാനത്തിൽ ലിംബാലെ പറയുന്നുണ്ട്. ഒരിക്കൽ നന്ദു എന്ന തന്റെ കുട്ടിക്കാലസുഹൃത്തിനെ ലിംബാലെ നഗരത്തിൽവെച്ച് കാണുകയാണ്. നന്ദു മഹർവാഡയിൽ ജീവിച്ച ആളാണ്. ഇപ്പോൾ ബാങ്കിൽ ജോലിയുണ്ട്. വിവാഹിതനാണ്. നന്നായി അലങ്കരിച്ച നല്ലൊരു വീടുണ്ട്. പണ്ട് ചാണകംപെറുക്കി ജീവിച്ച അവന്റെ അമ്മ ഇന്ന് പട്ടണത്തിലെ പരിഷ്കാരിസ്ത്രീകളുടെപോലെ വസ്ത്രം ധരിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. സാഹെബായ മകന്റെ അമ്മ മകനുയോജിച്ച രീതിയിൽത്തന്നെ ജീവിക്കുന്നു. ഏതാനും വർഷങ്ങളുടെ ഇടവേളയിൽ പഴയ മഹർവാഡയുടെ യാതൊരു അംശവും പേറാത്ത ആളുകളായി നന്ദുവും അമ്മയും മാറി. സവർണ്ണരായ ഏതൊരാളോടും കിടപിടിക്കുന്ന തരത്തിൽ മഹർ ജാതിക്കാരായ നന്ദുവും കുടുംബവും മാറി എന്ന് ശരൺകുമാർ ലിംബാലെ സാക്ഷ്യപ്പെടുത്തുമ്പോൾ ഓംപ്രകാശ് വാല്മീകി സൂചിപ്പിക്കുന്നത് ദലിത് വികസനത്തിലെ മറ്റൊരു വർത്തമാനകാലസാംസ്കാരികപ്രതിസന്ധിയെ ആണ്. അദ്ദേഹം എഴുതുന്നു "സാമൂഹികജീവിതത്തിലെ മുഖ്യഘടകമായി ജാതി ഇന്നും നിലനിൽക്കുന്നു. നിങ്ങൾ ഒരു ദലിത് ആണെന്ന് അറിയാത്ത കാലത്തോളം ഒരു കുഴപ്പവുമില്ല. എന്നാൽ നിങ്ങളുടെ ജാതി അവർ അറിയുന്നതോടെ എല്ലാം മാറിമറിയുന്നു. കുശുകുശുക്കൽ കത്തികൊണ്ടെന്നപോലെ നിങ്ങളുടെ സിരകളെ മുറിപ്പെടുത്തുന്നു. എന്തുകൊണ്ടാണ് എന്റെ ജാതി എന്റെ ഒരേയൊരു സ്വത്വമായി മാറുന്നത്. എന്തുകൊണ്ടെന്നാൽ അവരുടെ കണ്ണിൽ ഞാൻ ഒരു പട്ടികജാതിക്കാരൻ മാത്രമാണ്. വാതിലിന് പുറത്ത് നിൽക്കുന്നവൻ". വാതിലിന് പുറത്തുനിൽക്കുന്ന പട്ടികജാതിക്കാരൻ എന്ന് സ്വയം തന്നെ നിർവചിക്കുന്ന ഓംപ്രകാശ് വാല്മീകിയോട് ചേർന്നുനിൽക്കുകയാണ് കുഞ്ഞാമനും. അദ്ദേഹം എഴുതുന്നു: "ഉന്നതവിദ്യാഭ്യാസമേഖലയുടെ പുറമ്പോക്കിൽ കുടിൽകെട്ടി ജീവിക്കുന്ന ഒരു ചാത്തനാണ് ഞാൻ. എന്നെപ്പോലുള്ളവർ അവിടെ എന്നും ചാത്തനും പുലയനുമാണ്. ഇവിടെ ഞങ്ങൾക്ക് മുഖ്യധാരയിൽ നില്ക്കാൻ കഴിയില്ല". ദലിതന് മുഖ്യമന്ത്രി കസേരയിൽ ഇരിക്കണമെങ്കിൽ മൂട്ടയായി ജനിക്കണം എന്ന് കുഞ്ഞാമൻ പറയുമ്പോൾ അത് ദലിത് ധാർഷ്ട്യം ആയല്ല നമ്മൾ കാണേണ്ടത്, മറിച്ച് വർത്തമാനകേരളത്തിന്റെ ഒരു നേർചിത്രം വരയ്ക്കുകയാണ് അദ്ദേഹം ചെയ്യുന്നത് എന്ന് സമ്മതിക്കുകയാണ് വേണ്ടത്.

സാമൂഹ്യമാധ്യമങ്ങളിൽ പട്ടികജാതിക്കാരെ പ്രത്യേകിച്ചും സാമൂഹ്യമായും രാഷ്ട്രീയമായും ബോധമുള്ള ആളുകളെ കളിയാക്കിക്കൊണ്ട് ആളുകൾ ഉപയോഗിക്കുന്ന ഒരു വാക്കാണ് കോളനിവാണം എന്നത്. ഈ പദത്തിന്റെ പ്രയോഗത്തെപ്പറ്റി ദലിത് സാമൂഹ്യവിമർശകയായ മായ പ്രമോദ്[13] എഴുതുന്നു "എന്റെ ഓർമ്മയിൽ ഞാൻ ജനിച്ചതും 22 വയസുവരെ ജീവിച്ചതും കോളനിയിൽ ആണ്. വിദ്യാഭ്യാസകാലഘട്ടത്തിൽ ഞങ്ങളെ തിരിച്ചറിയാൻ ഉപയോഗിച്ചത് ഞങ്ങളുടെ കോളനിയുടെ പേരുകളോ വസ്ത്രധാരണരീതികളോ ഒക്കെയായിരുന്നു. ചുവന്ന വസ്ത്രം ധരിച്ചാൽ അത് "പെലകളര്" ആയി മാറുകയും കറുപ്പ്, മഞ്ഞ, ചുവപ്പുകറികൾ തൊട്ടാൽ അവർ "പൂച്ചകൾ" ആയി മാറുകയും ചെയ്യുമായിരുന്നു. .......സമൂഹ മാധ്യമങ്ങളിൽ കാലങ്ങളായി


ISSN: 2582 - 2594

കണ്ടുവരുന്ന വംശീയ അധിക്ഷേപങ്ങളുടെ ഭീകരമായൊരു രൂപം തന്നെയാണ് കോളനിവാണം എന്ന പ്രയോഗം". കേരളത്തിലെ ആദ്യത്തെ ആസൂത്രിതഹൗസിംഗ്കോളനികളിലൊന്ന് ഇന്നും അറിയപ്പെടുന്നത് ജവഹർ കോളനി എന്നാണ്. തിരുവനന്തപുരം നഗരമധ്യത്തിലുള്ള ആ കോളനിയിൽ കേരളത്തിലെ പല പ്രശസ്തരും വീടുവെച്ച് താമസിക്കുന്നുണ്ട്. എന്നാൽ അവിടെ താമസിക്കുന്ന ആളുകളെ ആരെങ്കിലും കോളനിവാണങ്ങൾ എന്ന് വിളിക്കുമോ. കേവലം കോളനി എന്ന പദം പോലുമല്ല ഇവിടെ മുഖ്യമായി വരുന്നത്, മറിച്ച് ഒരിടത്തിൽ താമസിക്കുന്ന ആളുകളുടെ ജാതിയും സാമൂഹ്യപദവിയും ആണ്. ജാതികോളനിയിൽ താമസിക്കാത്ത ആളുകളേയും കോളനിവാണം എന്നുവിളിക്കാറുണ്ട് എന്ന് സാമൂഹ്യവിമർശകൻ ദിന വെയിൽ പലവട്ടം ടെലിവിഷൻവാർത്തകളിൽ പറഞ്ഞിട്ടുണ്ട്. ഒരാളുടെ ജാതി, നിറം, വസ്ത്രം, ഭക്ഷണം, താമസിക്കുന്ന ഇടം, ചെയ്യുന്ന തൊഴിൽ ഒക്കെ അയാളെ അപരവൽക്കരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ആയി ജാതിവ്യവസ്ഥ ഉപയോഗിക്കുന്നു. മൂരിയിറച്ചി ലോകം മുഴുക്കെ ആളുകൾ ആസ്വദിച്ച് കഴിക്കുന്ന ഒരു വിഭവമാണ്. എന്നാൽ മൂരിയിറച്ചി തിന്നുന്ന പന്നി എന്ന് അദ്ധ്യാപകൻ ശരൺകുമാർ ലിംബാലെയെ വിളിക്കുമ്പോൾ അത് കൃത്യമായി ലിംബാലെയെ ജാതീയമായി അടയാളപ്പെടുത്തുകയാണ്.

ജാതീയമായി ആളുകളെ എവിടെ എങ്ങനെ താമസിക്കണം എന്ന് കൃത്യമായി പറയുന്ന പുസ്തകമാണ് മനുസ്മൃതി. പട്ടികജാതിപാർപ്പിടങ്ങൾ വിഭവരഹിതപുറമ്പോക്കുകളിൽ തിങ്ങി നിറഞ്ഞുകിടക്കുന്ന ശവപ്പെട്ടിവീടുകളിൽ (Coffin Homes) ഇന്നും തുടരുന്നു എന്നു നമുക്കു കാണാം. ഏതാണ്ട് ഇരുപത്തിയൊന്ന് ലക്ഷത്തിന് മുകളിൽ ആളുകൾ കേരളത്തിൽ ഇന്നും കോളനികളിൽ ആണ് ജീവിക്കുന്നത്. മൊത്തം പട്ടികജാതിക്കാരുടെ എൺപത് ശതമാനവും കോളനികളിൽ ആണ് താമസിക്കുന്നത്. ഏതാണ്ട് അഞ്ചുലക്ഷത്തിയമ്പത്തിയെട്ടായിരം കുടുംബങ്ങൾ കോളനികളിൽ താമസിക്കുന്നുണ്ട്. ഒരു വർഷം അയ്യായിരം കുടുംബങ്ങളെ പുനരധിവസിപ്പിച്ചാൽതന്നെ ഏതാണ്ട് നൂറുവർഷം വേണം കോളനികൾ ഇല്ലാതാക്കാൻ. ജാതിക്ക് ചുറ്റും ഉണ്ടാക്കി പരിപാലിക്കുന്ന ഭാഷാപരവും സാംസ്കാരികവുമായ വ്യവഹാരങ്ങൾ എങ്ങനെയാണ് പട്ടികജാതിമനുഷ്യരെ ബാധിക്കുന്നത് എന്നുകൂടി മനസിലാക്കിയാലേ സ്വകാര്യസ്വത്ത് എന്നതിനപ്പുറം സ്വകാര്യ ഇടം എന്ന പ്രയോഗത്തിന്റെ സാംഗത്യം നമുക്കു മനസിലാകൂ. സ്വകാര്യമായ ഒരിടം ഉണ്ടാകുമ്പോൾ മാത്രമേ ഉപാധിരഹിതമായ വ്യക്തിഗത ഇടങ്ങൾ നമുക്ക് നേടാൻ കഴിയൂ. സ്വകാര്യ ഇടവും വ്യക്തിഗത ഇടവും പരസ്പരബന്ധിതമാണ്. ഒന്നിന്റെ അഭാവത്തിൽ മറ്റേതിന് നിലനിൽക്കാൻ ബുദ്ധിമുട്ടാണ്. എന്തുകൊണ്ടാണ് കുട്ടിക്കാലത്ത് തന്റെ ജാതിക്കാർക്ക് സ്കൂളിൽ പോകാൻ കഴിയാതിരുന്നത് എന്ന് സുശീല അവരുടെ ആത്മകഥയിൽ പറയുന്നുണ്ട്. "സ്കൂളിന് ഗ്രാമങ്ങളിൽ മിക്കവാറും സ്വന്തം കെട്ടിടം ഉണ്ടാവില്ല. വർഷങ്ങളോളം സ്കൂളുകൾ ഏതെങ്കിലും സവർണ്ണരുടെ വീടിന്റെ ചായ്പ്പിലോ മറ്റോ ആകും "താൽക്കാലികമായി" പ്രവർത്തിക്കുക. അത്തരം ഇടങ്ങളിലേക്ക് തന്റെ ജാതിക്കാർക്ക് ഒരിക്കലും പ്രവേശനം അനുവദിച്ചിരുന്നില്ല" എന്ന് സുശീല പറയുന്നു. സാക്ഷാൽ അംബേദ്കർതന്നെ ക്ലാസിന്റെ വെളിയിൽ കീറചാക്കിൽ ഇരുന്നാണ് പഠിച്ചത്. സ്കൂളിനു സ്വന്തമായി കെട്ടിടം ഉണ്ടാവുകയും അവിടെ ഏതൊരു കുട്ടിക്കുമൊപ്പം ഇരുന്നു പഠിക്കാനുള്ള അവകാശവും കേരളത്തിൽ നമുക്കുണ്ട്. ഓരോ ജാതിക്കാർക്കും പ്രത്യേകം ഡിവിഷനും അംഗനവാടികളും

ഒക്കെയുള്ള വടക്കേ ഇന്ത്യൻ ജാതിഗ്രാമങ്ങളുമായി കേരളത്തെ താരതമ്യം ചെയ്യുമ്പോഴാണ് വ്യക്തിഗത ഇടം എന്ന ആശയത്തെ നമുക്ക് കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ത്. ജാതിയുടെ വന്യമായ പ്രയോഗങ്ങൾ കേരളത്തിൽ ഇല്ലെങ്കിൽപോലും ഘടനാപരമായ അസമത്വവും ചൂഷണവും ഇന്നും കേരളത്തിലും തുടരുന്നുണ്ട് എന്നതാണ് സത്യം. അംബേ ദ്കർ ജാതിനിർമ്മൂലനം എന്ന് പറഞ്ഞത് ജാതിവ്യവസ്ഥയെ ഇല്ലാതാക്കുക എന്ന അർത്ഥ ത്തിൽ ആയിരുന്നില്ല, മറിച്ച് ഭരണഘടനയ്ക്കുകീഴിൽ രൂപപ്പെടുന്ന നിയമവാഴ്ചയിലൂടെ ഒരു ജാതിക്ക് മറ്റു ജാതികളെ ചൂഷണം ചെയ്യാനുള്ള സാദ്ധ്യതകൾ ഇല്ലാതാക്കുക എന്നായിരുന്നു. മറ്റുള്ളവരുടെ അധ്വാനത്തെ കവരാനും അവരുടെ അവസരങ്ങളെ ഇല്ലാതാക്കാനും അവരുടെ സ്വാതന്ത്ര്യങ്ങളെ ഇല്ലാതാക്കാനും പറ്റുന്ന തരത്തിൽ ജാതിവ്യവസ്ഥയ്ക്ക് പ്രവർത്തിക്കാൻ കഴി യാത്ത തരത്തിൽ രാജ്യത്തെ നിയമവാഴ്ചയെ മാറ്റിത്തീർക്കുക എന്നതാണ് ജാതിനിർമൂലനം എന്നതിലൂടെ അംബേദ്കർ അർത്ഥമാക്കിയത്. അതിലേക്കുള്ള ആദ്യചുവടുകളിൽ ഒന്നാണ് പട്ടികജാതിപാർപ്പിടങ്ങളിലെ സ്വകാര്യ ഇടങ്ങൾ ഗുണപരമായി വികസിപ്പിക്കുക എന്നത്. കൊളോണിയൽ അധിനിവേശാധുനികത ദലിത് സമൂഹങ്ങളെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിച്ചുവെന്ന് ഡോക്ടർ രാകേഷ് ചെറുകോട്[14] പറയുന്നുവെങ്കിലും ആ സ്വപ്നങ്ങൾ സാക്ഷാ ത്കരിക്കാനുള്ള സാമ്പത്തികശേഷി ഇന്നും കേരളത്തിലെ ജാതികോളനികളിലെ മനുഷ്യർക്ക് ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. അകത്തിനകം വിശാലമാണെങ്കിൽ മാത്രമേ വീടിനുള്ളിൽ "സ്വകാര്യത സംരക്ഷിക്കാൻ കഴിയൂ" എന്ന് ചരിത്രകാരൻ കെ. എൻ. ഗണേഷ്[15] പറയുമ്പോൾ തുലാവർഷത്തിൽ മഴനനഞ്ഞുനിൽക്കുന്ന കോളനികളിലെ ഒറ്റമുറി വീടുകൾ കേരളാമോഡൽവികസനത്തിന്റെ സ്ഥിതിവിവരപുറമ്പോക്കിൽപോലും ചേർക്കാൻ പറ്റാത്തവ ആയിമാറുന്നു.

**ഉപസംഹാരം**

സ്ഥാനം (Location) എന്നത് ഭൂമിശാസ്ത്രപഠനത്തിലെ ഒരു പ്രധാനഭാഗമാണ്. സവിശേ ഷമായ ഒരിടത്തിന്റെ ഭൂമിശാസ്ത്രരീതിശാസ്ത്രപിൻബലത്തിലൂടെയുള്ള സൂക്ഷ്മമായ ആവിഷ്കാ രം (Chorography) എത്രമേൽ സാംസ്കാരികമായികൂടി പ്രധാനപ്പെട്ടതാണ് എന്നത് ദലിത് ആത്മകഥകളിൽ അനാവൃതമാകുന്ന പാർപ്പിടവിവരണങ്ങൾ സൂചിപ്പിക്കുന്നു. ഒരാൾ ജനി ച്ചുജീവിക്കുന്ന ഇടവും അയാളുടെ ജാതിയും അയാൾ ചെല്ലുന്ന എല്ലാ ഇടങ്ങളിലും അയാൾ എങ്ങനെ പെരുമാറണം എന്നതിന്റെ അടിസ്ഥാനമായി വർത്തിക്കുന്നു എന്ന് എല്ലാ ദലിത് ആത്മകഥകളും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു. ഉയർന്ന വിദ്യാഭ്യാസംനേടി ഒരു പ്രൊഫ സർ ആയിട്ടുപോലും സവർണ്ണൻ ആയ മേലധികാരിയോട് സ്വന്തം അവകാശങ്ങൾക്കുവേ ണ്ടി സുശീല ടാക്ഭൗരെ ശബ്ദമുയർത്തുമ്പോൾ അത് ജാതീയമായ അപകർഷതയിൽനിന്നും ഉണ്ടാകുന്ന മനോവൈകല്യമായാണ് പൊതുസമൂഹം കരുതുന്നത്. ഒരിടത്തിന്റെ ഭൗതികമായ സ്ഥാനം ഭൂമിശാസ്ത്രത്തിൽ എത്രത്തോളം പ്രധാനമാണ് അത്രത്തോളം ഒരുപക്ഷേ അതിനെ ക്കാൾ കൂടുതൽ പ്രാധാന്യമുള്ളതാണ് ജാതിവ്യവസ്ഥയ്ക്കുള്ളിൽ ജാതികളുടെ സ്ഥാനം. ഓരോ ജാതികളുടെയും സാമൂഹ്യപദവിയും ശ്രേണിബദ്ധസ്ഥാനവും സവിശേഷമായ അധികാരങ്ങളും അവകാശങ്ങളും അവകാശനിഷേധങ്ങളും കൃത്യമായി വിവരിക്കുന്ന മനുസ്മൃതി യഥാർത്ഥത്തിൽ ഒരു Cultural Chorography ആണ് നിർവ്വഹിക്കുന്നത്. ദലിത് പാർപ്പിടങ്ങളുടെ മനുസ്മൃതി നി

 ISSN: 2582 - 2594

ർമ്മിതസ്ഥാനത്തെ ഭൗതികമായി (Physical Location) ഇല്ലാതാക്കിയാൽ മാത്രമേ അവരുടെ വീടുകളുടെ സ്വകാര്യ ഇടം വികസിക്കുകയുള്ളൂ. അത്തരമൊരു കാര്യം സംഭവിക്കാതെ അവരുടെ വ്യക്തിഗത ഇടങ്ങൾ ഗുണപരമായി വികസിക്കുകയില്ല. പി.കെ. മാധവന്റെ[16] ആത്മകഥയുടെ ആദ്യഖണ്ഡിക ഇങ്ങനെ തുടങ്ങുന്നു. "ഏറെ നാളുകൾക്ക് ശേഷം പിറന്ന നാട്ടിലേക്ക്. ........ ഒൻപത് മണിയോടെ വളയൻ ചിറങ്ങരയിലുള്ള "തറവാട്ടിൽ" എത്തി. ജനിച്ചുവളർന്ന വീട്. കുഞ്ഞുനാളിൽ വൈക്കോൽമേഞ്ഞ കുടിൽ ആയിരുന്നു. ഓടിലേക്കും വാർക്കയിലേക്കും കാലത്തോടൊപ്പം വീടിന്റെ രൂപവും മാറി. കേരളം ആർജ്ജിച്ച വികസനത്തിന്റെ ഗുണഫലങ്ങൾ പ്രകടമാകുന്നതാണ് മാധവന്റെ ആത്മകഥ. കേരളാമോഡലിന്റെ ഒരു വിജയകഥയാണ് മാധവൻ പറയുന്നത്. കേരളാമോഡലിന്റെ ഗുണഫലങ്ങൾ ജാതികോളനികളിലേക്കും എത്തുമെന്ന പ്രത്യാശിക്കുന്നതിൽ മാത്രം നമ്മൾ ഒതുങ്ങിയാൽ ഒന്നും സംഭവിക്കാൻ പോകുന്നില്ല.

### ഗ്രന്ഥസൂചിക


1. അമർത്യ സെൻ., Development As Freedom, ഓക്സ്ഫോർഡ് പ്രസ്സ്, ലണ്ടൻ, 1999.
2. ഇ. എം. എസ്., ആത്മകഥ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2021.
3. ഓംപ്രകാശ് വാല്മീകി., ജൂഠൻ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്, 2019.
4. കുഞ്ഞാമൻ എം., എതിര്, ഡി. സി. ബുക്ക്സ്, കോട്ടയം, 2023.
5. ഗണേഷ് കെ.എൻ., മലയാളിയുടെ ദേശകാലങ്ങൾ, റാസ്ബറി ബുക്ക്സ്, കോഴിക്കോട്, 2016.
6. ചന്ദ്രു കെ. ജസ്റ്റിസ്., ഞാൻ എന്ന ജസ്റ്റീസ്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം,2022.
7. മാധവൻ പി.കെ., മുണ്ടകൻ കൊയ്ത്തും മുളയരിപ്പായസവും ഒരു അടിയാളന്റെ ആത്മകഥ, ഡി.സി. ബുക്ക്സ്, കോട്ടയം, 2024.
8. മായ പ്രമോദ്, കോളനിവാണമെന്ന വംശീയാക്രമണം, Dool News, ജൂൺ 3, 2020.
9. രാകേഷ് ചെറുകോട് ഡോ., പുറമ്പോക്കിന്റെ ആധാരങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2024.
10. രാമദാസ് ചെറായി, കാല ശാസനകൾക്ക് കീഴടങ്ങാത്ത ദാക്ഷായണി വേലായുധൻ, പ്രണത ബുക്ക്സ്, കൊച്ചി, 2023.
11. ശരൺകുമാർ ലിംബാലെ., അക്കർമാശി, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്, 2020.
12. സിദ്ധിനാഥാനന്ദ സ്വാമി., മനസ്മൃതി, ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ, 1999.
13. സുശീല ടാക്ഭൗരെ., ശികഞ്ജ്, ഫേബിയൻ ബുക്ക്സ്, മാവേലിക്കര, 2024.


### ഇംഗ്ലീഷ് പുസ്തകങ്ങൾ


1 ഡേവിഡ് ഹാർവി., Social Justice and the city, എഡ്വേഡ് അർനോൾഡ്, പബ്ലിഷേഴ്സ്, ബ്രിട്ടൻ, 1973.
2. ഹെന്റി ലെഫബ്വേ,. The production of space, ബ്ലാക്ക്‌വെൽ പബ്ലിഷേഴ്സ്, ബ്രിട്ടൻ, 1991.

SUBALTERN STUDIES

# Kalpathy Issues and Beyond: Socio-Political Realignment in Malabar in the post 1921 Period

**Dr. Sreevidhya Vattarambath**
Associate Professor of History
Government College
Malappuram
E-mail: anandhuadwaith@gmail.com

**Abstract**

One need not despair of ever knowing the truth of one's religion, because the fundamentals of Hinduism, as of every great religion, are unchangeable, and easily understood.

– M K Gandhi, Young India, October 6, 1921

This statement of Gandhiji indicates the existence of caste system in the Hindu religion. The issues of caste and jati created lot of problems in the Hindu religion in the post 1921 scenario in Malabar. The year 1921 was a troubled period in Malabar, which witnessed a struggle between haves and have notes. The Malabar struggles, which changed the course of the history not only of Malabar, but of whole Kerala. The 1921 rebellion made far-reaching changes in the life of the poor populace of region. The socio-economic and political scenario of the region has witnessed the entrance of new elements which transformed their life. The caste based social pattern has been questioned through different ways. After the Chauri Chaura incident and the dissolution of the non-cooperation movement, Indian National Congress concentrated on Khadi and anti-untouchability campaigns which created great impact on the social sphere of Malabar. This paper entitled Kalpathy Issues and Beyond: Socio-political realignment in Malabar in the Post 1921 period intends to


ISSN: 2582 - 2594

trace out the anti-untouchably campaigns of the Malabar and the conversion and reconversion issues and how it affects the secularist social sphere of the region. This study is particularly an analytical one which sharply analyses the sources especially the debates in newspapers in a qualitative manner and made appropriate findings.

**Keywords:** 1921 Malabar struggle - caste structure - movements against untouchability - conversion-reconversion - Kalpathy issues - Arya Samaj - Sudhi movement - Hindu Mahasabha-

## Introduction

The social structure of India from the early period onwards was based on the caste, which become a melanoma to the social sphere of the nation. The people were bothered of their own religious identity and of others. Caste is one of the most overwhelming factors which shapes Indian society. Traditionally, people of India have been divided into distinct groups based on their birth and occupation. The Caste system includes a hierarchy of endogamous groups that individuals enter only by birth. The institution of caste as a hierarchy based on exploitation came in to being only when classes based on appropriation of surplus and on exploitation emerged.[1] Caste is hierarchical, hereditary and endogamous in nature.[2] Caste shapes the boundaries of individual members' rights in the inter-household and intra household relationships. The caste system recognizes an indefinite number of groups of different ranks, each one standing on the shoulders of the castes below it.[3] The great facts of life such as birth, death, marriage, feasts and other rituals move within the frame of caste.[4] Dipankar Gupta points out that caste consists of discrete castes which can never form a single hierarchy and therefore different hierarchies exist at the subjective level.[5] According to Mason Olcot, "the caste system is a hierarchy of endogamous groups that individuals enter by birth.[6] Louis Dumont had of the view that caste is a system of hierarchy based on the principle of purity and pollution. His work *Homo Hierarchicus: The Caste system and its Implications*[7] presents caste not as an economic or political structure, but as a religious and ideological system of hierarchy, rested in values of purity and pollution. In his view, every caste has a fixed place in their hierarchical order, determined by its ritual status.[8] He emphasized that caste is not a social institution, but an ideology based on collective values. He claimed that caste was unique to India because of its religious foundations and persistent social order. At the same time the Marxian

concept of caste is based upon the mode of production rather than a religious or cultural phenomenon. Instead, it is a social system rooted in economic exploitation and material conditions. Marx analyses caste in terms of class relations, production modes and property ownership.

The caste structure of India was based on different occupational groups. The caste system was the mark of superior economic organisation which the Brahmins instituted allowing the shift from one mode of production to another.[9] EMS Namboodiripad shared view that "the differences between one caste and another are a difference in the stage reached by them in the evolution of society".[10] These differences later created lot of problems in the social sphere of Kerala. Caste hierarchy was in its highest stage in Malabar in the early part of 20th century itself. Noted poet Kumaranasan wrote this social condition in his poetry *Duravastha* as

> "Thottukoodathavar Theendikkoodathavar
> Drushtiiyil Pettalum doshamullor
> Ingine ottallayo Ha!
> Jathikkomarangal[11]

This clears the picture of Kerala where the Hindu society was like a watertight compartment, which was divided into numerous castes and sub castes. The lower castes were considered as untouchables and they were denounced to enter not only the houses of higher castes, but also temples and even the public roads. This discrimination against untouchables was a common feature of Hindu society and it was denounced as a "bourgeois attempt to keep the masses disunited".[12] Even at the time of the 1921 Malabar Struggle, this bourgeois section didn't allow the untouchables to join them and provide a united action against the rebels. This social division later caused for various social transformation in Malabar. This was clearly visible in the working pattern of the Indian National Congress who mainly concentrated on constructive programmes and anti-untouchability campaigns. This meaningless caste hierarchy created a width in the Hindu community. Even though the leaders of Indian National Movement like Gandhiji and Ambedkar opposed the existence of caste system in Indian society, they differed in their approaches to the abolition of the caste system. The central focus of Gandhi's anti caste movement was the abolition of untouchability, but Ambedkar fought not only for the abolition of untouchability, but also for the dignity of the untouchables. For him, the root cause of their socio-economic backwardness lay in the graded inequality of the caste system.


ISSN: 2582 - 2594

The socio-political arena of Malabar in the post 1921 period was a chaotic one. The poor populace of the area faced lot of hardships due to the rebellion which took place as part of the non-co-operation and Khilafat Movement and also due to the brutalities of the British police and military. Political activities were in a stagnant condition. Regarding the condition of Malabar after the turmoil, K P Kesava Menon, the Congress leader opined that "for long time after the Rebellion, no public activity was possible in Malabar. Enmity towards Congress was evident everywhere. The authorities stated that the Congressmen had brought calamity into the country through participation in the Khilafat agitation. Some Hindu leaders[13] accused that the Congressmen of treason for joining with the Khilafatists. They even wanted all the Congressmen in Malabar to be imprisoned. The Muslims complained that those who had induced them to join with the Congress, abandoned them when oppression and firing by the troops started.[14] The Congress lost public support and encouragement once enjoyed. A mysterious silence and negative feeling engulfed the State. Large number of Congress workers and Congress committees were becoming inactive. It was in this situation that Indian National Congress, after the withdrawal of Non-co-operation Movement, started the constructive programmes and anti-untouchability campaigns.

The Hindu nationalist leaders of Malabar in the post 1921 period realised the fact that the caste and communal barriers existed here caused for the political turbulence in Malabar. They realised the fact that without the eradication of social evils among the Hindu society such as untouchability, no activities were possible in the region. They afterwards paid much attention to anti-untouchability campaigns and the propagation of Khadi. In those days, the so called 'untouchable' section of the Hindu society were not allowed to walk through the public roads, which were considered as the domain of Savarna section. Congress decided to react against this and the Vaikkom Satyagraha and the Kalpathy incidents were the most important activities undertaken by the nationalists to eradicate untouchability and unapproachability. Due to the ceaseless efforts of the nationalist leaders through anti untouchability campaigns, Vaikkom Sathyagraha achieved much attention all over India. A change of heart was noticeable in all over Kerala, particularly in Malabar. The Kalapathy incidents created dramatic transformation in the socio-political sphere of Malabar.

**The Kalpathy issue**

One of the most noticeable incidents in the anti-untouchability campaigns in Malabar was the Kalpathy issue which took place in 1924-25 period. This issue

was generally raised for the cause of getting right to the depressed classes to walk through the public streets in Kalpathy Agrahara[15] in Palghat. The lower caste Hindus denied the right to walk through the public roads in the Kalpathy Agraharas even at the time of Ratholsava (car festival). This festival is conducted as part of the annual festival in the Viswanathaswami temple at Kalpathy which was managed by the Valiyakonnikkalidam branch of the Palakkattusseri royal family. The upper castes from different parts had the right to participate in the festival. At the same time the lower sections of the Hindu society were not allowed to enter in the Agraharam roads at the time of the festival. When the anti-untouchability campaigns under Indian National Congress became strong, the Ezhavas of Palakkad, who were backed by support of nationalist leaders like C Krishnan, Sahodaran Ayyappan, Swami Satyavratan, Sadhu Sivaprasad, E Rama Menon etc. demanded for getting right to walk through public roads in Kalpathy Agraharam. This demand was denied by the caste Hindus. This issue created a platform of hot debate in the Malabar Legislative Council.[16] The Government received a memorial from the Brahmin inhabitants of the Agrahara situated within the Palghat Municipality praying that orders may be passed declaring that the gramam streets are not accessible to Thiyyas, Ezhavas and men of other lower castes whose approach will pollute a Brahmin, their streets, dwellings, tanks and temples.[17] The Government replied to the memorial that the streets in Kalpathy Agraharam are registered as Government puramboke. As a response to this memorial, the Government issued an order which stated that "the Government desired to reiterate that the public have the right of access and use in respect of all highways, but it is not for them finally to decide whether a particular street or road falls with the classification. In the present case the Government observes that the Palghat Municipality have maintained the road...[18] Through this order the Government gave full right to the Municipality to take necessary action regarding this issue. The Madras Government again issued an order on 9th January 1925 that "the Government have no power of interference unless the Agraharas are connected with business centres. The members of the depressed classes have no free access to the post offices located in the Agraharams[19]. In actual sense, through this order, the depressed classes were denied the right to enter in Agrahara roads. It failed to impart justice to the long suffering communities. At the same time, the Government denied these allegations, which caused for various kinds of resistance. The Adi Dravida Conferences held at various places like Vaniyambadi, Tiruppattur, Salem, Ootacamud and Coimbathur submitted copies of the resolutions to the Government in between January and April 1925 praying to cancel or withdraw the G O passed.[20] The struggle of the lower sections of the society against the denial


ISSN: 2582 - 2594

of their basic civil rights got support from various parts. This created platforms for hot debates and discussions and also gave a chance to various social groups to enter into the region and to interfere in the internal matters. Even though the eradication of untouchability was started by Indian National Congress as part of the national movement, there happened a diversion in this and later this issue was taken over by the religious propagandists and religious groups.

**Interference of religious propagandists and the work of Arya Samaj**

There happened many changes in socio-political sphere of Malabar in the post 1921 period due to the influence of various propagandists, the media and other religious groups. The social reformers of the region mainly intended to eradicate the obstacles under which the untouchability laboured. The most important role in this direction was done by Aryasamajists, who came to Malabar with the aim of propagating, popularising and reorganising the Hindu religion. They undertook the eradication of untouchability under their banner by overcoming the Congress, who undertook it as their main action in the post 1921-22 period. Under the initiative of its leaders like Vedabandhu, a branch of Arya Samaj was established at Palghat.[21] They undertook the conversion and reconversion process in the Hindu religion through Sudhi. They propagated the idea that if any untouchable joined in the Aryasamaj after undertaking Sudhi, they would be free from all caste restrictions and would have the freedom to walk through the prohibited areas. The idea propagated by Arya Samajists attracted many Ezhavas and other downtrodden sections to it. Many of them accepted Sudhi and joined in the Arya Samaj. The first Ezhava converted in this direction was Dharmapal.[22] But the savarna Hindus of the region were not ready to accept the converted Artyasamajists as equal to them and were denied their right to walk through the Kalpathy streets, especially at the time of Car Festival (Ratholsava). As a response to this issue, Mr. Thorne, the then Collector, replied that "whatever may be the condition of the common Ezhavas, the Arya Samaj Ezhavas have the right to walk through the Kalpathi streets."[23] By rejecting this opinion of the District Collector, the sub divisional Magistrate proclaimed an order which stated that these converted Ezhavas have no right to enter the Kalpathy streets, especially during the Ratholsava period. These two statements confused the people. In this stage, J A Thorne, the District Collector, wrote to the government of Madras on 4th November 1925 through the Chief Secretary that in his visit to the Kalpathy streets, he met many gentlemen who tried to walk through the streets.24 The Savarna groups of the region abused the Aryasamajists and the converted people that they had only one agenda that is entering in to the Agrahara. At the

same time, this orthodox section had no objection to the entering of the Christian or Muhammaden converts in the Agraharas as, in their view, they belong to recognised religions distinct from Hinduism. It was in this juncture that the downtrodden section of the Hindu religion thought of accepting other religions to enjoy all kinds of rights. Various Islamic and Christian organisations sent their representative to Malabar with the purpose of doing proselytization activities. In this stage, Rao Bahadur M Kunhiraman Nair, the Sub-divisional Magistrate, reported that there is a tendency on the part of other religionists like Christians and Muhammedans to induce the Brahmins to prohibit the Aryasamajists. Their motive is apparently to make the Aryasamajists less popular among the Ezhavas and indirectly to gain converts to their religions in preference to Aryasamajists.[25]

Along with the entrance of the Aryasamajists, a group of Muslim proselytisers from Pune and Christian Missionaries like Basel German Missionaries came into Malabar with the same purpose. Due to their efforts, large number of untouchables accepted either Islam or Christian religion. The Mau-nathul Islam Sabha at Ponnani took the leading role among the Muslims in such conversion process and they reported that from 1st January 1925 to 20th July 1925, about 323 non-Muslims were converted to Islam and about 3230 Rupees was spent for their needs.[26]

By knowing the news of large scale conversion of Hindus into Islam and Christianity, the Bombay Hindu Mahasabha sent their prominent leaders Anandapriyan and Chandramani Motilal to Malabar to do the needful to safeguard the Hindu religion. These two leaders met the savarna and avarna Hindu leaders to find out a solution to the large scale conversion of the Hindu downtrodden section to other religions. They appealed the avarnas to wait for some more time to solve their problems and gave an assurance that they will try hard to remove their problems within a short span of time.[27] With the purpose of establishing a branch of Hindu Mahasabha in Malabar, a public meeting was convened at Calicut Townhall under the leadership of Anandapriyan. In his address, he said that the aim of Hindu Mahasabha was not to contend Islam or Christianity, but to work for the regeneration and amelioration of Hindu community.[28] Most prominent leaders of Indian National Congress like Manjeri Ramayyar, Kurur Neelakantan Namboodiripad and K Kelappan actively participated in the meeting and made speeches on the present conditions of the Hindu community and also the need for its regeneration. In the meeting Anandapriyan stressed the point that the main enemy of Hindu Mahasabha was untouchability and its eradication was their main aim. Vedabandhu, the Aryasamaj leader was one of the important leaders participated

 ISSN: 2582 - 2594

in the meeting and it was under his initiative that a branch of Hindu Mahasabha was established at Palghat. From here onwards Hindu Mahasabha and Aryasamaj worked together with the purpose of checking conversion of Hindus into other religions and eradication of untouchability. Thus, once again the social sphere of Malabar was tensed with the proselytization activities of different religious groups and the attempts of other side to check this which created a platform for hot debates and discussions.

**Debates and the formation a Hindu Organisation**

The entrance of various religious groups, religious proselytes and the attitude of the nationalists towards this- all created an open platform of debate among the intellectuals and media. All of them made severe criticisms towards the downtrodden Hindus attempt to convert into other religions for getting rights. *Mathurbhumi,* the leading newspaper from Malabar came into the forefront of these debates and called out the Hindus of Malabar to wake up from their deep sleep to awaken their own religion from its weakness.[29] It shared its view that there is no need to any person, who belonged to any religion-Hindu, Christian or Islam- to accept other religions. Instead, they must work together for the upliftment of their own community, by engineering internal reforms within the religion. It had of the view that no one had the right to abuse others who are willingly accepted other religions. It condemned the persecutions of untouchables by the savarnas. *Mathrubhumi* wrote that "it is a shame to the whole community, and therefore, the Hindus should try to get rid of it and work for the regeneration of their own religion.

In response to the same issue, other newspapers also responded. Mitavati published an article of K Ayyappan under the caption 'Religion and Jati'. In this, he opined that the root of jati is Hindu and whenever Hindu religion exists, Jati will not be abolished. He reminded that before changing the religion, the avarnas should try to destroy the Hindu religion.[30] As a response to this, K Kelappan, the nationalist leader, said that Ayyappan saw only the artificial parts of the Hindu religion. He pointed out that the hatred against jati, which was there in the mind of Ayyappan, turned to be a hatred against Hindu religion and he saw only the evils of untouchability and jati existed in the society and he could not visualise the merits of the religion.[31] K Kelappan severely criticised the attempt of the downtrodden sections of the Hindu religion to convert in to other religions. In his view, Hindu religion includes all rites and theories, which is suitable to all religious believers. But it was different in other religion like Christianity where the believes of all persons are the same. The converts in the religions would be considered a separate

section, but there is no need of such separation in Hindu religion. He had of the view that no other religion proposed such a freedom of thought like Hindu religion. According to Kelappan, it is nonsense to tell anyone to change their religion.[32] At the same time, Congress and nationalist leaders faced severe criticisms especially from the part of media. The rift between *Mathrubhumi* and *Al Ameen* removed its veil and came out in this juncture. *Al- Ameen* raised strong criticisms against the changing attitude of the Congress leaders who showed their readiness to join with Hindu Mahasabha [33], while *Mathrubhumi* justified it. *Al-Ameen* asks: "though there existed Congress to work for the eradication of untouchability, is there any need for such a separate organisation to Hindus?" *Al-Ameen* was astonished by seeing the policies of Hindu Congress men, who were accepting such an organisation and working for it.[34]

When these debates and discussions were going on, attempts were made to form a Hindu organisation to unite the whole Hindus of Malabar under one banner and to check the conversions. This task was given to Anandapriyan and Chandramani Motilal, who were the leaders of Hindu Mahasabha. With this purpose, a public meeting was held at Calicut in the courtyard of Aryasamaj House and presided over by Sri. Pattathil Narayana Menon. Manjeri Ramayyar moved a resolution in the meeting demanding the formation of Kerala Provincial branch of Hindu Mahasabha and the commencing of a Great Hindu Conference.[35] A temporary committee was formed with this purpose. At the same time, many raised doubts about the aims and objectives of the Sabha.

P. Ramunni Menon, the Congress leader, expressed his anxiety on the deviation of a socialist organisation to a communal organisation in future. He expressed his view that surely such an organisation is necessary for the upliftment of Hindu community. But the interference of communal members in the political field is not an acceptable one. If it is so, it will surely affect the development of a nation, especially it is a branch of Hindu Mahasabha formed by Malavia, which had both political and social aims.[36] As a response to this, Hindu Mahasabha published their aims and objectives as-to impart unity among all members of the Hindu community, mutual cooperation, anti-untouchability campaigns, protection of Hindus etc.. It also gave an assurance that it had no aim to merge or co-operate with any particular community as political party and also declared that conversion or reconversion is not an aim of it and it is established not for this purpose".[37] Afterwards, the Sabha decided to convince a Kerala Hindu Provincial Conference at Thirunavaya, the land of Mamankam in which Madan Mohan Malavia was selected to preside the

